## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2044** **12-02-2024 - ൽ മറുപടിയ്ക്ക്**

## വിവിധ വകുപ്പുകളിൽ നിർത്തലാക്കിയ തസ്തികകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016-ലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2023 ഡിസംബർ 31 വരെ എത്ര തസ്തികകൾ ഏതെല്ലാം വകുപ്പുകളിൽ നിർത്തലാക്കിയെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; | (എ) | 2016 മേയ് മുതൽ ഇതുവരെ 30,000-ത്തോളം പുതിയ തസ്തികകളാണ് സൃഷ്ടിച്ചത്. എന്നാൽ, അനിവാര്യമല്ലാത്തതും കാലഹരണപ്പെട്ടതും ആവശ്യമില്ലാത്തതുമായ ചില തസ്തികകൾ ഒഴിവാക്കി പുതിയത് സൃഷ്ടിച്ചിട്ടുണ്ട്. ഈ തസ്തികകളുടെ എണ്ണം ക്രോഡീകരിച്ചിട്ടില്ല. |
| (ബി) | മേല്പറഞ്ഞ കാലയളവിൽ ഗവ.സെക്രട്ടേറിയറ്റിൽ മാത്രം ഏതെല്ലാം തസ്തികകൾ എത്ര എണ്ണം വീതം നിർത്തലാക്കിയെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | പൊതുഭരണ സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് വിഭാഗത്തിൽ 2021 വർഷത്തിൽ 220 തസ്തികകൾ അബോളിഷ് ചെയ്തിട്ടുണ്ട്.<br><br>ഇ-ഫയൽ/ഇലക്ട്രോണിക് സംവിധാനങ്ങൾ നിലവിൽ വന്നശേഷം പൊതുഭരണ സെക്രട്ടേറിയറ്റിൽ വന്ന വ്യത്യാസം, ജോലിഭാരം ഏകീകരിക്കൽ തുടങ്ങിയ കാര്യങ്ങൾ വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സമർപ്പിച്ച നിർദ്ദേശങ്ങളുടേയും, ടി നിർദ്ദേശങ്ങൾ സംബന്ധിച്ച് പഠിക്കുവാൻ രൂപീകരിച്ച സമിതിയുടെ വിലയിരുത്തലുകളുടെയും അടിസ്ഥാനത്തിലാണ് ഓഫീസ് അറ്റൻഡന്റ് തസ്തികകൾ അബോളിഷ് ചെയ്തത്. വിവിധ വകുപ്പുകളിൽ ആവശ്യം വരുന്ന മുറയ്ക്ക് ഇതേ തസ്തികയോ മറ്റ തസ്തികകളോ പകരം സൃഷ്ടിക്കുമെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.<br><br>ഭരണപരിഷ്കാര കമ്മീഷന്റെ പ്രവർത്തനത്തിലേക്കായി സൃഷ്ടിച്ച ഒരു അഡീഷണൽ സെക്രട്ടറി തസ്തികയും 2 അണ്ടർ സെക്രട്ടറി തസ്തികകളും ഭരണപരിഷ്കാര കമ്മീഷന്റെ പ്രവർത്തനം പൂർത്തിയായതിനെ തുടർന്ന് 2021-ൽ നിർത്തലാക്കിയിരുന്നു.<br>നിയമ വകുപ്പിൽ 2016-ൽ ഒരു റോണിയോ ഓപ്പറേറ്റർ തസ്തികയും 2021-ൽ ഒരു ദഫേദാർ തസ്തികയും (ഇതരസേവനം) നിർത്തലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ദഫേദാർ തസ്തിക കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്താത്ത സാഹചര്യത്തിലും കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷനിലെ റോണിയോ ഓപ്പറേറ്റർ തസ്തികയ്ക്ക് (ഇതരസേവനം) ധനകാര്യ വകുപ്പ് തുടർച്ചാനുമതി നൽകാത്ത സാഹചര്യത്തിലുമാണ് നിർത്തലാക്കിയത്. |
| (സി) | ഏതെല്ലാം സാഹചര്യത്തിലാണ് ഈ തസ്തികകൾ നിർത്തലാക്കിയത്; വിശദാംശം ലഭ്യമാക്കുമോ? | (സി) | പൊതുഭരണ സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് വിഭാഗത്തിൽ 2021 വർഷത്തിൽ 220 തസ്തികകൾ അബോളിഷ് ചെയ്തിട്ടുണ്ട്.<br><br>ഇ-ഫയൽ/ഇലക്ട്രോണിക് സംവിധാനങ്ങൾ നിലവിൽ വന്നശേഷം പൊതുഭരണ സെക്രട്ടേറിയറ്റിൽ വന്ന വ്യത്യാസം, ജോലിഭാരം ഏകീകരിക്കൽ തുടങ്ങിയ കാര്യങ്ങൾ വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സമർപ്പിച്ച നിർദ്ദേശങ്ങളുടേയും, ടി നിർദ്ദേശങ്ങൾ സംബന്ധിച്ച് പഠിക്കുവാൻ രൂപീകരിച്ച സമിതിയുടെ വിലയിരുത്തലുകളുടെയും അടിസ്ഥാനത്തിലാണ് ഓഫീസ് അറ്റൻഡന്റ് തസ്തികകൾ അബോളിഷ് ചെയ്തത്. വിവിധ വകുപ്പുകളിൽ ആവശ്യം വരുന്ന മുറയ്ക്ക് ഇതേ തസ്തികയോ മറ്റ തസ്തികകളോ പകരം സൃഷ്ടിക്കുമെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.<br><br>ഭരണപരിഷ്കാര കമ്മീഷന്റെ പ്രവർത്തനത്തിലേക്കായി സൃഷ്ടിച്ച ഒരു അഡീഷണൽ സെക്രട്ടറി തസ്തികയും 2 അണ്ടർ സെക്രട്ടറി തസ്തികകളും ഭരണപരിഷ്കാര കമ്മീഷന്റെ പ്രവർത്തനം പൂർത്തിയായതിനെ തുടർന്ന് 2021-ൽ നിർത്തലാക്കിയിരുന്നു.<br>നിയമ വകുപ്പിൽ 2016-ൽ ഒരു റോണിയോ ഓപ്പറേറ്റർ തസ്തികയും 2021-ൽ ഒരു ദഫേദാർ തസ്തികയും (ഇതരസേവനം) നിർത്തലാക്കിയിട്ടുണ്ട്.<br><br>ദഫേദാർ തസ്തിക കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്താത്ത സാഹചര്യത്തിലും കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷനിലെ റോണിയോ ഓപ്പറേറ്റർ തസ്തികയ്ക്ക് (ഇതരസേവനം) ധനകാര്യ വകുപ്പ് തുടർച്ചാനുമതി നൽകാത്ത സാഹചര്യത്തിലുമാണ് നിർത്തലാക്കിയത്. |

സെക്ഷൻ ഓഫീസർ